**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 532

19.03.2013-ലെ മറുപടിയ്ക്ക്

# സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗ സംവരണം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ജി.സുധാകരൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2010 (2010- ലെ 7-ാം നിയമം) അനുസരിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80-ൽ 28.4.2010 മുതൽ പ്രാബല്യത്തിൽ വന്ന ഉപ വകുപ്പ് (5) പ്രകാരം എല്ലാ സഹകരണ സംഘങ്ങളിലും ആകെയുള്ള തസ്തികകളുടെ എണ്ണത്തിന്റെ മൂന്നു ശതമാനം, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുള്ളതും അതനുസരിച്ച് അംഗീകൃത സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ആയ സഹകരണ സംഘങ്ങളിൽ |

| | | | |
|---|---|---|---|
| | | | കുറഞ്ഞത് ഒരു തസ്തിക ഇപ്രകാരം ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ബഹുഭൂരിപക്ഷം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും വികലാംഗർക്ക് സംവരണാനുകൂല്യം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്ക് സംവരണാനുകൂല്യം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗനിയമനങ്ങളിൽ വികലാംഗർക്ക് സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ